**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നിയമസഭാ നടപടികൾ – സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

2012 ജൂലൈ 10, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിലെ നക്ഷത്ര ചിഹ്നമിടാത്ത 445–ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ചു.

**അടിയന്തരപ്രമേയം**

**പാട്ടക്കരാർ ലംഘനം**

മി. സ്പീക്കർ: പാട്ടഭൂമിക്ക് വ്യാജരേഖ ചമച്ചും ബാങ്കുകളിൽ നിന്ന് വൻതുക വായ്പയെടുത്തും ഭൂമി കൈമാറിയും പാട്ടക്കരാർ വ്യവസ്ഥകൾ ലംഘിച്ച നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കൽ നടപടി അട്ടിമറിക്കപ്പെട്ടിരിക്കുന്നതും ഹൈക്കോടതിയിലെ കേസ് നടത്തിപ്പിൽ വീഴ്ച വരുത്തുകയും നിയമാനുസൃത നിലപാടുകളും വാദങ്ങളും ഉയർത്താതെ

കേസുകളിൽ തോറ്റുകൊണ്ടിരിക്കുന്നതുമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ചെന്താമരാക്ഷൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, കോവൂർ കുഞ്ഞുമോൻ, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): നെല്ലിയാമ്പതിയിലെ എസ്റ്റേറ്റുകൾ ഏറ്റെടുക്കുന്നതിൽ യാതൊരു വിട്ടുവീഴ്ചയും വരുത്തിയിട്ടില്ല. പാട്ടക്കരാർ ലംഘിക്കുകയോ പാട്ടക്കരാർ കാലാവധി കഴിയുകയോ ചെയ്യുന്ന ഒരു എസ്റ്റേറ്റും വിട്ടുകൊടു ക്കുകയില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെല്ലിയാമ്പ തിയിലെ മീരാ ഫ്ളോർ എസ്റ്റേറ്റ് ഏറ്റെടുക്കുകയും കേരള വനം വികസന കോർപ്പറേഷനെക്കൊണ്ട് മാനേജ് ചെയ്യിക്കുകയും അവിടത്തെ മുഴുവൻ തൊഴിലാളികൾക്കും ജോലി നൽകുകയും ചെയ്തിട്ടുണ്ട്. എസ്റ്റേറ്റുകൾ ഏറ്റെടുക്കണമെന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ രാജക്കാട്, മാങ്കുണ്ട്, ചെറുനെല്ലി എന്നീ എസ്റ്റേറ്റുകൾ ഏറ്റെടുത്തശേഷം അവരെ വീണ്ടും കേൾക്കുകയും വീണ്ടും ഏറ്റെടുക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന് തോട്ടം ഉടമകൾ ഹൈക്കോട തിയിൽ നിന്നും മൂന്ന് മാസത്തെ സ്റ്റേ വാങ്ങിയിട്ടുണ്ട്. ചെറുനെല്ലി എസ്റ്റേറ്റ് ഏറ്റെടുത്തയുടൻ വിട്ടുകൊടുക്കാനുള്ള വിധിയുടെ അടിസ്ഥാനത്തിൽ ധൃതിപ്പെട്ട് വിട്ടുകൊടുത്തുവെന്ന കാരണത്താൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അന്വേഷണവിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. ഏറ്റെടുത്ത എസ്റ്റേറ്റുകൾ വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നില്ല എന്നതിനാൽ കേസ്സുകൾ

കൃത്യമായി നടത്തും. അത്യാവശ്യ സന്ദർഭങ്ങളിൽ അഡ്വക്കേറ്റ് ജനറൽ നേരിട്ട് ഹാജരായി കേസ്സുകൾ കൈകാര്യം ചെയ്യുന്നുണ്ട്. മുപ്ലിവാലി എസ്റ്റേറ്റ് കഴിഞ്ഞ സർക്കാർ 2009–ൽ ഏറ്റെടുക്കാൻ തീരുമാനമെടുത്തെങ്കിലും തോട്ടം ഉടമ ഹൈക്കോടതിയെ സമീപിച്ച് അനുകൂല വിധി സമ്പാദിച്ചതിനാൽ സർക്കാർ സുപ്രീം കോടതിയെ സമീപിച്ച് സ്റ്റേ വാങ്ങിച്ചിട്ടുണ്ട്. മീനമ്പാറ എസ്റ്റേറ്റിന്റെ കാര്യത്തിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീം കോടതി ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. നെല്ലിയാമ്പതി എസ്റ്റേറ്റ് കേസ്സുകൾ കൈകാര്യം ചെയ്യാൻ വനം വകുപ്പ് നിയമിച്ച പ്രോസിക്യൂട്ടറെ കൂടാതെ റവന്യൂ വകുപ്പിന്റെ ചുമതലയുള്ള പ്രോസിക്യൂട്ടറെയും നിയോഗിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. വി. ചെന്താമരാക്ഷൻ:</u> വനഭൂമി തട്ടിയെടുക്കുന്നിന് പിന്തുണ കൊടുക്കുന്ന സമീപനമാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്. യു.ഡി.എഫ്. നേതൃത്വം കയ്യേറ്റം സംരക്ഷിക്കാൻ ചീഫ് വിപ്പിനെ നെല്ലായാമ്പതിയിലേയ്ക്ക് പറഞ്ഞയയ്ക്കുന്നതാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. തോട്ടം ഉടമകളുടെ താൽപര്യം സംരക്ഷിക്കുന്ന നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. പാട്ടക്കരാർ ലംഘിച്ച എസ്റ്റേറ്റുകളിൽ ഭൂരിഭാഗവും നെല്ലിയാമ്പതി മേഖലയിലാണ്. വനഭൂമി സംബന്ധിച്ച കേസ്സുകളിൽ സർക്കാർ നിരന്തരമായി തോറ്റുകൊണ്ടിരിക്കുന്നു. ചെറുനെല്ലി, മുപ്ലിവാലി എസ്റ്റേറ്റുകൾ പാട്ടത്തിനെടുത്തവർക്ക് തിരിച്ചുനൽകേണ്ട അവസ്ഥയുണ്ടായിരിക്കുന്നു. കരാർ ലംഘിച്ച മറ്റുസ്ഥലങ്ങളിലുള്ളവരുടെ പാട്ടക്കരാർ റദ്ദാക്കാനുള്ള നടപടികളും അട്ടിമറിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരെ ശക്തമായ നടപടികൾ

സ്വീകരിക്കണം. കോടതിയിൽ ശരിയായവിധം കേസ്സുകൾ നടത്താത്തതും അനാവശ്യവാദങ്ങൾ സർക്കാർ വക്കീലന്മാരിൽ നിന്നുമുണ്ടാകുന്നതും പരിശോധിക്കപ്പെടണം. നിയമലംഘനം നടത്തിയ 27 എസ്റ്റേറ്റുകൾ ഏറ്റെടു ക്കാനുള്ള നടപടികൾ തടസ്സപ്പെട്ടിരിക്കുന്നു. സർക്കാർ ഭൂമി സ്വന്തമാ ക്കാനുള്ള ഗൂഢനീക്കങ്ങൾ നേരിടാനും ഇതുസംബന്ധിച്ച് വിശദമായി അന്വേഷിച്ച് വസ്തുതകൾ പുറത്തുകൊണ്ടുവരാനും കഴിയണം. ഭൂമി വിഭജിച്ച് സ്വകാര്യ വ്യക്തികൾക്ക് വിൽക്കുകയെന്നത് നിയമ ലംഘനമാണ്. വനഭൂമി, കൃഷിഭൂമിയുൾപ്പെടെയുള്ള സർക്കാർ ഭൂമികൾ സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം. സർക്കാർ ഏറ്റെടുക്കാൻ തീരുമാനിച്ച ഭൂമി തിരികെ കൊടുക്കുന്നത് ശരിയായ നടപടിയല്ല. ഏറ്റെടുത്ത എസ്റ്റേറ്റുകളിലെ തൊഴിലാ ളികളെ സംരക്ഷിക്കാൻ നടപടികൾ സ്വീകരിക്കണം. ഈ പ്രശ്നം സഭാ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം.

## വ്യക്തിപരമായ വിശദീകരണം

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്): ഒരിഞ്ച് വനഭൂമിപോലും നശിപ്പിക്കാൻ കൂട്ടുനിന്നിട്ടില്ല. മുരിക്കോലി കൊച്ചുതമ്പിയുടേയും ഭാര്യയു ടേയും പേരിൽ വർഷങ്ങളായി കൈവശമിരിക്കുന്ന സ്ഥലം ഫോറസ്റ്റ് ആക്ട് പ്രകാരം ഏറ്റെടുക്കാൻ പോയപ്പോഴാണ് അവരുടെ നിവേദനം എൻക്ലോഷറായിവച്ച് കൊടുത്തത്.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): ഗവൺമെന്റ് ഒരു സെന്റ് വനഭൂമി പോലും വിട്ടുകൊടുക്കില്ല. നിവേദനത്തിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയോ വകുപ്പുമന്ത്രിയോ ഏറ്റെടുക്കൽ നടപടികൾ നിറുത്തിവയ്ക്കാൻ നിർദ്ദേശി

ച്ചിട്ടില്ല. ചെറുനെല്ലി എസ്റ്റേറ്റ് വിട്ടുകൊടുത്തുയെന്ന വാർത്ത വന്നതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഡി.എഫ്.ഒ.-യേയും ഉദ്യോഗസ്ഥരേയും സസ്പെന്റ് ചെയ്തിട്ടുണ്ട്. നടപടിയിൽ അസംതൃപ്തി അറിയിച്ചതിനാൽ ഗവൺമെന്റ് പ്ലീഡർ രാജി വയ്ക്കുകയുണ്ടായി. സുപ്രീം കോടതി സ്റ്റേയുള്ള തിനാൽ മുപ്ലിവാലി എസ്റ്റേറ്റ് ഏറ്റെടുക്കാൻ കഴിയില്ല. നെല്ലിയാമ്പതി എസ്റ്റേറ്റിലെ തൊഴിലാളികളുടെ പ്രശ്നത്തിൽ യോഗം വിളിച്ചുകൂട്ടി തൊഴിൽ വകുപ്പുമന്ത്രിയുടേയും ചീഫ് വിപ്പിന്റേയും സാന്നിദ്ധ്യത്തിൽ പരിഹാരം ഉണ്ടാക്കിയിട്ടുണ്ട്. വ്യാജരേഖ ഉണ്ടാക്കി വനഭൂമി പണയപ്പെടുത്തി ബാങ്കുകളെ കബളിപ്പിച്ചതിനെതിരെ പോലീസ് കേസെടുത്ത് അന്വേഷിച്ചു വരികയാണ്. മൂന്ന് എസ്റ്റേറ്റുകൾ ഏറ്റെടുക്കാനുള്ള പ്രൊപ്പോസൽ ഉണ്ട്. അവ ഏറ്റെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് യാതൊരു വിട്ടുവീഴ്ചയും കാണിക്കില്ല. വനം വകുപ്പുദ്യോഗസ്ഥരെ ഇതുമായി ബന്ധപ്പെട്ട പ്രവൃത്തി കൾക്ക് നിയോഗിച്ചിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>): ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരിഞ്ച് വനഭൂമിയും വിട്ടുകൊടുത്തിട്ടില്ല. വന സംരക്ഷണ ത്തിനാവശ്യമായ എല്ലാ കരുതൽ നടപടികളും സ്വീകരിക്കുന്നതാണ്. ഇക്കാര്യ ത്തിൽ ഭരണകക്ഷി-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഒരുമിച്ച് പ്രവർത്തിക്കേ ണ്ടതുണ്ട്. 1970-കളിൽ ആരംഭിച്ച മീനമ്പാറ കേസിൽ ട്രിബ്യൂണൽ വിധിയിന്മേലുള്ള അപ്പീൽ പരാജയപ്പെട്ടതിനെത്തുടർന്ന് സുപ്രീം കോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരിക്കുകയാണ്. 07-02-2009-ൽ മുപ്ലിവാലി എസ്റ്റേറ്റ് ഏറ്റെടുത്ത നടപടി ഹൈക്കോടതി സ്റ്റേ

ചെയ്യുകയും കേസ് ഇരിങ്ങാലക്കുട സബ് കോടതിയിലേയ്ക്ക് മാറ്റുകയും അവിടെ നിന്നുള്ള ഉത്തരവിൻപ്രകാരം കഴിഞ്ഞ ഗവൺമെന്റ് എസ്റ്റേറ്റ് തിരിച്ചു കൊടുക്കുകയുമാണുണ്ടായിട്ടുള്ളത്. 08–06–2012–ൽ ചെറുനെല്ലി എസ്റ്റേറ്റിന്റെ പാട്ടം റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്മേൽ സുപ്രീം കോടതി കൊടുത്തിട്ടുള്ള താൽക്കാലിക സ്റ്റേ വെക്കേറ്റ് ചെയ്യാൻ ശ്രമിക്കുകയാണ്. നെല്ലിയാമ്പതിയിലെ കേസുകൾക്കുള്ള താൽക്കാലിക സ്റ്റേയും വെക്കേറ്റ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. പാട്ടക്കരാറിൽ കൃത്രിമം കാട്ടുകയും പാട്ടലംഘനവും ചട്ടലംഘനവും നടത്തുകയും ചെയ്യുന്നവർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേസുകളുടെ കാര്യത്തിൽ വിട്ടുവീഴ്ച്ചയില്ലാത്ത നിലപാട് തുടർന്നും സ്വീകരിക്കുന്നതാണ്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തു പോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## റൂളിംഗ്

### സമ്മേളന കാലയളവിൽ എം.എൽ.എ.മാർ പങ്കെടുക്കേണ്ട യോഗം ചേരുന്നതുസംബന്ധിച്ച്

മി. സ്പീക്കർ: നിയമസഭാ സമ്മേളനം നടക്കുന്ന അവസരത്തിൽ മറ്റ് യോഗങ്ങൾ ചേരാൻ പാടില്ല എന്ന് റൂളിംഗ് നൽകിയിട്ടുണ്ടെങ്കിലും ഇന്ന്

11.00 മണിക്ക് ശ്രീ. പാലോട് രവി ഉൾപ്പെടെയുള്ള എം.എൽ.എ.മാർ പങ്കെടുക്കേണ്ട ഒരു മീറ്റിംഗ് നെടുമങ്ങാട് വച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. അത് ശരിയായ നടപടിയല്ല. യോഗം മാറ്റിവയ്ക്കുന്നതിനും പ്രസ്തുത ഓർഡർ കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടത്തുന്നതിനും നടപടിയുണ്ടാകണം.

ശ്രദ്ധക്ഷണിക്കൽ

(1) അദ്ധ്യാപകരുടെ വേതനം

ശ്രീ. റ്റി.വി. രാജേഷ്: സംസ്ഥാനത്ത് അൺ-എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥപനങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപകർക്ക് യോഗ്യതയ്ക്കനുസരിച്ചുള്ള വേതനം മാനേജുമെന്റുകൾ നൽകുന്നില്ല. അവർക്ക് യാതൊരുവിധ തൊഴിൽസുരക്ഷിതത്വവും ഇല്ലാത്ത സ്ഥിതിയാണുള്ളത്. ഈ മേഖലയിൽ പണിയെടുക്കുന്ന അധ്യാപകരിൽ നല്ലൊരു ശതമാനം വരുന്ന വനിതാ ജീവനക്കാർക്ക് അർഹതപ്പെട്ട മെറ്റേണിറ്റി ലീവോ മറ്റ് ആനുകൂല്യങ്ങളോ അനുവദിക്കുന്നില്ല. ഈ അധ്യാപകരിൽ പലരും പ്രായപരിധി കഴിഞ്ഞതിനാൽ മറ്റൊരു ജോലി ലഭിക്കാൻ സാധ്യതയില്ലാത്തവരാണ്. അൺ എയ്ഡഡ് മേഖലയിൽ എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നുണ്ട് എന്നതിനെ സംബന്ധിച്ച് വ്യക്തമായ കണക്ക് വിദ്യാഭ്യാസ വകുപ്പിന്റെ കൈവശമില്ല. ഇവരുടെ വേതനം കാലാനുസൃതമായി പുതുക്കി നിശ്ചയിക്കണം. യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അൺ-എയ്ഡഡ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ സ്ഥിതിയും പരിതാപകരമാണ്. പല സ്ഥാപനങ്ങളും രേഖകളിൽ കാണിക്കുന്നതിന്റെ പകുതിയാണ് ശമ്പളമായി നൽകുന്നത്. അൺ-എയ്ഡഡ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ തൊഴിൽ

സുരക്ഷ ഉറപ്പാക്കാനും അദ്ധ്യാപകരുടെ യോഗ്യത കർശനമാക്കാനും മാന്യമായ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കാനും സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സംസ്ഥാനത്ത് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് പ്രകാരം പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്കൂളുകളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നേരിട്ട് നിയന്ത്രണങ്ങളില്ല. എന്നാൽ കേരള വിദ്യാഭ്യാസ ചട്ടത്തിൽ അൺ-എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് നൽകേണ്ട ശമ്പളത്തെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളുണ്ട്. ഇപ്പോൾ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. കൊടുക്കുന്ന തിനുമുമ്പ് സേവന വേതന വ്യവസ്ഥകളിൽ ചില നിബന്ധനകൾ പാലിക്ക ണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അൺ-എയ്ഡഡ് കോളേജുകളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്ന തിനായി നിയോഗിച്ച കേരള യൂണിവേഴ്സിറ്റി വി.സി. അദ്ധ്യക്ഷനായിട്ടുള്ള കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്. അൺ-എയ്ഡഡ് സ്ഥാപനങ്ങളെ നിയന്ത്രിക്കാനുള്ള നടപടികളെ സംബന്ധിച്ച് ഈ കമ്മിറ്റിയുമായി ആലോചിച്ച് തീരുമാനമെടു ക്കുന്നതാണ്.

## (2) വൈക്കം മുഹമ്മദ് ബഷീറിന് സ്മാരകം

ശ്രീ. ടി.എ. അഹ്മദ് കബീർ: വൈക്കം മുഹമ്മദ് ബഷീറിന് ഒരു സ്മാരകം പണിയുന്നതിന് മുൻ ഗവൺമെന്റ് ബഷീർ സ്മാരക സമിതി രൂപീകരിക്കുകയും അമ്പത് ലക്ഷം രൂപ മാറ്റിവയ്ക്കുകയും

ചെയ്തുവെങ്കിലും തുടർനടപടികളൊന്നും ഉണ്ടായില്ല. ഈ സ്മാരകം എത്രയുംവേഗം യാഥാർത്ഥ്യമാക്കാനും കുട്ടികളെ സാഹിത്യ രംഗത്ത് പരിശീലിപ്പിക്കാൻ കഴിയുന്നവിധത്തിൽ ഒരു സാംസ്കാരിക കേന്ദ്രമാക്കി മാറ്റാനും നടപടി സ്വീകരിക്കണം.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): വൈക്കം മുഹമ്മദ് ബഷീറിന് ഒരു സ്മാരകം നിർമ്മിക്കുന്നതിനുവേണ്ടി കോർപ്പറേഷൻ സൗജന്യമായി ഒരേക്കർ സ്ഥലം തരാൻ തീരുമാനിച്ചിരുന്നു. ഇതിലേയ്ക്കായി രൂപീകരിച്ച കോ-ഓർഡിനേഷൻ കമ്മിറ്റിയുമായി ചർച്ച ചെയ്ത് എത്രയുംവേഗം സ്ഥലം ലഭ്യമാക്കി സ്മാരകം നിർമ്മിക്കാൻ സാധ്യമായ നടപടികൾ സ്വീകരിക്കും.

## സബ്മിഷൻ

### (1) നരിക്കുനി കേന്ദ്രീകരിച്ച് സബ്ട്രഷറി

ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ: കെട്ടിടവും മറ്റ് സൗകര്യങ്ങളും നൽകാൻ തയ്യാറാണെന്ന് ഗ്രാമപഞ്ചായത്ത് അറിയിച്ച സാഹചര്യത്തിൽ കൊടുവള്ളി നിയോജമണ്ഡലത്തിലെ നരിക്കുനി കേന്ദ്രീകരിച്ച് ഒരു സബ്ട്രഷറി സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ.എം. മാണി): പുതുതായി സബ്ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കിയശേഷം അതിന്റെ അടിസ്ഥാനത്തിൽ കൊടുവള്ളിയിലെ നരിക്കുനി ആസ്ഥാനമായി പുതിയ സബ്ട്രഷറി തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

(2) <u>മൾട്ടി ലവൽ മാർക്കറ്റിംഗ് മേഖലയിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ</u>

<u>ശ്രീ. എളമരം കരീം</u>: മണിചെയിൻ തട്ടിപ്പും പലതരത്തിലുള്ള ഇടപെടലുകളും മൾട്ടി ലവൽ മാർക്കറ്റിംഗ് മേഖലയിൽ പണിയെടുക്കുന്ന സെയിൽസ് പ്രൊമോട്ടേഴ്സ് അടക്കമുള്ളവരെ ബുദ്ധിമുട്ടിക്കുന്നത് തടയുന്നതിനായി ഒരു നിയമനിർമ്മാണം നടത്താൻ അടിയന്തര നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): മൾട്ടി ലവൽ മാർക്കറ്റിംഗ് മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(3) <u>റോഡപകടങ്ങൾ കുറയ്ക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനും നടപടി</u>

<u>ശ്രീ. പാലോട് രവി</u>: 1975-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാർ മോട്ടോർ വാഹന വകുപ്പിൽ ഇപ്പോൾ അപര്യാപ്തമായതിനാൽ അടിയന്തരമായി പുതിയ തസ്തികകൾ സൃഷ്ടിച്ച് ജോലിഭാരം ലഘൂകരിക്കാനും ഗ്രാമപ്രദേശങ്ങളിൽ ഉൾപ്പെടെ പ്രവർത്തിക്കുന്ന ആർ.ടി. ഓഫീസുമായി ബന്ധപ്പെട്ട് എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാനും നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സംസ്ഥാനത്ത് വാഹനങ്ങളുടെ എണ്ണവും വാഹന അപകട മരണങ്ങളും വർദ്ധിച്ചിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ 1975-ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ജീവനക്കാരാണുള്ളത്. റോഡ് സേഫ്റ്റി

അതോറിറ്റിയുടെ ഫണ്ട് ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ വാഹന അപകടങ്ങൾ കുറയ്ക്കാൻ മണ്ണൂത്തി മുതൽ ചേർത്തല വരെ സർവ്വയലൻസ് ക്യാമറകൾ ഘടിപ്പിക്കാൻ നടപടിയെടുത്തുവരുന്നു. അത് മണ്ണൂത്തി മുതൽ കാസർഗോഡ് വരെയും ചേർത്തല മുതൽ കളിയിക്കാവിള വരെയും ദീർഘിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോഴിക്കോട് കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സെന്റർ ആരംഭിച്ചുകഴിഞ്ഞു. കണ്ണൂർ, എറണാകുളം, തൃശ്ശൂർ, തിരുവനന്തപുരം എന്നിവിടങ്ങളിലും ഈ വർഷംതന്നെ ഈ സംവിധാനം തുടങ്ങുന്നതാണ്. ജനങ്ങളെ ബോധവൽക്കരിച്ച് റോഡപകടങ്ങൾ കുറയ്ക്കാനും കൂടുതൽ സ്റ്റാഫിനെ നിയമിച്ച് നികുതി വരുമാനം വർദ്ധിപ്പിക്കാനും വകുപ്പിൽ റീസ്ട്രക്ചറിംഗ് നടപ്പാക്കാനും റോഡ് സുരക്ഷാ നടപടി കർശനമാക്കാനും നടപടി സ്വീകരി ക്കുന്നതാണ്. ഇതിലേയ്ക്കായി ധനകാര്യ വകുപ്പിന്റെ സഹായംകൂടി ആവശ്യമാണ്.

(4) <u>തിരുക്കൊച്ചി സിറ്റി സർവ്വീസ്</u>

<u>ശ്രീ. ജോസ് തെറ്റയിൽ:</u> കൊച്ചി നഗരത്തിൽ തിരുകൊച്ചി സിറ്റി സർവ്വീസ് കാര്യക്ഷമമായി നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്):</u> തിരുകൊച്ചി സിറ്റി സർവ്വീസിലെ അറുപത് ബസുകൾ കാര്യക്ഷമമായി സർവ്വീസ് നടത്തുന്നുണ്ട്. സർട്ടിഫിക്കറ്റ് ഓഫ് ഫിറ്റ്നസ് കിട്ടാത്തതിനാലും ഡ്രൈവർമാരുടെ കുറവുമൂലവും ചില ദിവസങ്ങളിൽ സർവ്വീസ് മുടങ്ങിയിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ഡ്രൈവർമാരെ നിയമിച്ച് ഇന്നലെ മുതൽ ട്രിപ്പുകൾ കാര്യക്ഷമമാക്കിയിട്ടുണ്ട്.

എറണാകുളം മേഖലയിലെ എം.എൽ.എ.മാരുടെ യോഗം വിളിച്ചുകൂട്ടി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതാണ്. പ്രൈവറ്റ് ബസുകളുടെ സൗകര്യാർത്ഥം ഏതെങ്കിലും സർവ്വീസുകൾ മുടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (5) കൊച്ചിയിൽ യൂറോപ്യൻ ചരിത്ര മ്യൂസിയം

ശ്രീ. ലൂഡി ലൂയിസ്: കൊച്ചിയിലും പരിസര പ്രദേശത്തുമുള്ള ചരിത്ര സ്മാരകങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് യൂറോപ്യൻ ചരിത്ര മ്യൂസിയം സ്ഥാപിക്കുന്നതിനും ചരിത്ര ടൂറിസം മാപ്പ് തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): വൈപ്പിൻകരയിലെ അഞ്ഞൂറ് വർഷം പഴക്കമുള്ള പള്ളിയുടെ റിനൊവേഷന് രണ്ട് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഫോർട്ട് കൊച്ചിയിൽ പത്ത് കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. യൂറോപ്യൻ ചരിത്ര മ്യൂസിയം നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകാൻ ടൂറിസം വകുപ്പ് തയ്യാറാണ്. ചരിത്ര പഠന ടൂറിസം മാപ്പ് തയ്യാറാക്കണമെന്ന നിർദ്ദേശം ഗൗരവമായി കാണുന്നതാണ്.

## (6) വാഹനാപകടങ്ങൾ

ശ്രീ. വർക്കല കഹാർ: ദേശീയ പാത 47-ലെ കല്ലമ്പലം-കടമ്പാട്ടുകോണം മേഖലയിൽ വാഹനാപകടങ്ങൾ ഒഴിവാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

പൊതുമാരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): ദേശീയപാത 47–ലെ കല്ലമ്പലം തട്ടുപാലം പ്രദേശത്തെ റോഡ് നിർമ്മാണം അശാസ്ത്രീയമായതുകാരണം ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ പ്രസ്തുത ഭാഗത്ത് ദിശാസൂചക ബോർഡുകളും മുൻകരുതൽ ബോർഡുകളും റിഫ്ളക്ടറുകളും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് റോഡ് സേഫ്റ്റി അതോറിറ്റിയോടും തിരുവനന്തപുരം ജില്ലാ കളക്ടറോടും നാഷണൽ ഹൈവേ അധികൃതരോടും ആവശ്യപ്പെട്ടിട്ടുണ്ട്. റോഡ് വികസിപ്പിക്കുമ്പോൾ അശാസ്ത്രീയമായ വളവുകൾ ഒഴിവാക്കാനാവശ്യമായ നടപടിയും സ്വീകരിക്കുന്നതാണ്.

## (7) തേവള്ളിപ്പാലം

ശ്രീ. പി.കെ. ഗുരുദാസൻ: കൊല്ലം തേവള്ളി പാലത്തിന്റെ അപകടാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പൊതുമാരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): തേവള്ളിപ്പാലത്തിന്റെ അപകടാവസ്ഥ സംബന്ധിച്ച എക്സ്പർട്ട് കമ്മിറ്റിയുടെ പരിശോധനാ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണ്.

## (8) പാലങ്ങളുടെ പണി പുനരാരംഭിക്കാൻ നടപടി

ശ്രീ. പി.സി. വിഷ്ണുനാഥ് : ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മുടങ്ങിക്കിടക്കുന്ന ഇറപ്പുഴ, മിത്രമടം, വഴിപാടിക്കടവ്, കൈപ്പാലക്കടവ്, ഐരാണിക്കുഴി, മദനശ്ശേരിക്കടവ് പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മിത്രമടം, വഴിപാടിക്കടവ് പാലങ്ങളുടെ പണിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. കെ.എസ്.ടി.പി. രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി യിട്ടുളള ഇറപ്പുഴപ്പാലത്തിന്റെ ഡിസൈൻ പൂർത്തിയാകുന്നമുറയ്ക്ക് ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്. ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്നതി നാൽ മദനശ്ശേരിക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ഐരാണിക്കുഴി പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ആരംഭിച്ചിട്ടു ണ്ട്. പാലങ്ങളുടെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് ബന്ധപ്പെട്ടവരുടെ അടിയന്തര യോഗം വിളിച്ച് ചർച്ച ചെയ്യുന്നതാണ്.

(9) കരാറുകാർ നിശ്ചിത സമയത്ത് പണി പൂർത്തിയാക്കാത്തത് സംബന്ധിച്ച്

ശ്രീ. ഇ.പി. ജയരാജൻ : പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുളള പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരെക്കൊണ്ട് നിശ്ചിത സമയത്തിനുളളിൽ പണി പൂർത്തീകരിക്കാനുളള ഇടപെടൽ നടത്താനോ അല്ലെങ്കിൽ അവരെ ടെർമിനേറ്റ് ചെയ്യാനോ നടപടിയുണ്ടാകണം. മട്ടന്നൂർ മണ്ഡലത്തിലെ എടയാർ-ആലച്ചേരി, തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം, ശിവപുരം-മാലൂർ-പേരാവൂർ റോഡുകളുടെ പണി അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്) : കരാറുകാർ പണി പൂർത്തീകരിക്കാത്തതിനെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നതാണ്. കരാറുകാരുടെ ലൈസൻസ് പുതുക്കുന്ന സമയത്ത് തെറ്റായ പെർഫോർമൻസ് റിപ്പോർട്ട് നൽകുന്ന എഞ്ചിനീയറെ സസ്പെന്റ്

ചെയ്യുന്നതുൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതാണ്. മട്ടന്നൂർ മണ്ഡലത്തിലെ ശിവപുരം-മാലൂർ-പേരാവൂർ, എടയാർ-ആലച്ചേരി, തൃക്കടാരിപ്പൊയിൽ-ഇടുമ്പ-കണ്ണവം റോഡുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സ്ഥലം എം.എൽ.എ.യുമായി ചർച്ച ചെയ്ത് പണികൾ പുനരാരംഭിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(10) <u>പ്രസവത്തിനിടെ അമ്മയും കുഞ്ഞും മരിച്ച സംഭവം</u>

(ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടി, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്.)

<u>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ</u> : ആനാട് പഞ്ചായത്തിൽ നാഗശ്ശേരി കല്ലടക്കുന്ന് അശോകൻ-രേണുക ദമ്പതിമാരുടെ മകൾ കീർത്തിയെ 09.07.2012-ന് പ്രസവത്തിനായി തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും തുടർന്ന് മരിക്കാനിട യായതുമായ സംഭവത്തെക്കുറിച്ച് അന്വേഷിച്ച് ഉത്തരവാദികളായ വർക്കെതിരെ നടപടിയെടുക്കുകയും കുടുംബത്തിന് സാമ്പത്തിക സഹായം നൽകുകയും ചെയ്യണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. വി.എസ്. ശിവകുമാർ</u>) : തിരുവനന്തപുരം തൈക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ പ്രസവത്തിനായി പ്രവേശിപ്പിച്ചിരുന്ന ആനാട് കല്ലടക്കുന്ന് കുമാരി സദനത്തിൽ കീർത്തി 09.07.2012-ന് വൈകുന്നേരം 3.15-ന് ആശുപത്രി ലേബർ റൂമിൽവച്ച് മരണപ്പെട്ടതുസംബന്ധിച്ച് ആശുപത്രി സൂപ്രണ്ടിനോട് വിശദീകരണം ആവ ശ്യപ്പെട്ടിരുന്നു. ഇക്കാര്യത്തിൽ നിയമപരമായ എല്ലാ നടപടികളും സ്വീകരി

ക്കുമെന്ന് ബന്ധുക്കൾക്ക് ഉറപ്പു നൽകിയിട്ടുണ്ട്. 30.06.2012-നാണ് പ്രസവത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കീർത്തിയെ തുടക്കംമുതൽ ചികിത്സിച്ചിരുന്ന യൂണിറ്റ് ചീഫ് ഡോക്ടർ 09.07.2012-ന് ഉച്ചയ്ക്ക് 12.30 -ന് നടത്തിയ പരിശോധനയിൽ പ്രസവവേദന തുടങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഉച്ചയ്ക്ക് 2.20-ഓടെ കീർത്തിക്ക് ഫിറ്റ്സ് വരികയും അബോധാവസ്ഥയിലാവുകയും ശ്വാസോച്ഛ്വാസത്തിന് പ്രയാസം അനുഭവപ്പെടുകയും തുടർന്ന് ഹൃദയാഘാതത്തെത്തുടർന്ന് കീർത്തി മരണപ്പെടുകയുമാണുണ്ടായതെന്നാണ് പ്രാഥമിക റിപ്പോർട്ട് വ്യക്തമാക്കുന്നത്. തമ്പാനൂർ പോലീസ് അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വിശദമായ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. പോസ്റ്റ്മോർട്ടം റിപ്പോർട്ട്, അന്വേഷണ റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ ചികിത്സാപ്പിഴവ് ഉണ്ടെന്ന് കാണുന്നപക്ഷം കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. മുഖ്യമന്ത്രിയുമായി ആലോചിച്ച് ആ കുടുംബത്തിന് സാമ്പത്തിക സഹായം നൽകുന്നതിനെക്കുറിച്ച് തീരുമാനിക്കുന്നതാണ്.

**<u>മേശപ്പുറത്തുവച്ച കടലാസ്സുകൾ</u>**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## റൂളിംഗ്

### സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന ആവശ്യം

മി. സ്പീക്കർ: 09–07–2012–ലെ ഡിമാന്റ് ചർച്ചയിൽ പങ്കെടുത്തു കൊണ്ട് ശ്രീ. ആർ. സെൽവരാജ്, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ പരാമർശിച്ച ചില കാര്യങ്ങൾ സഭാ രേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന ചില അംഗങ്ങളുടെ ആവശ്യപ്രകാരം രേഖകൾ പരിശോധിച്ചതിൽ നിന്നും ടി അംഗങ്ങളുടെ പരാമർശം കൂടാതെ ചർച്ചയിൽ ഇടപെട്ടുകൊണ്ട് ശ്രീ. ഇ.പി. ജയരാജൻ ഒരു പോലീസ് ഓഫീസറുടെ പേര് പരാമർശിച്ചതായി രേഖകളിൽ കാണുന്നു. സഭയിൽ ഇല്ലാത്ത ഒരാളെപ്പറ്റി ആരോപണം ഉന്നയിക്കുമ്പോൾ കൂടുതൽ വ്യക്തമായ തെളിവ് ആവശ്യമാണ്. കാരണം ആരോപണ വിധേയനായ വ്യക്തിക്കോ ഉദ്യോഗസ്ഥനോ സഭയിൽ ഹാജരായി മറുപടി പറയാനുള്ള സൗകര്യം ലഭ്യമാകുന്നില്ല. അതിനാൽ സഭയ്ക്കുള്ളിലെ സ്വാതന്ത്ര്യം ഉപയോഗിച്ച് പുറത്തുള്ള വ്യക്തികളെക്കുറിച്ച് എന്തും പറയാമെന്നുള്ളത് ആശാസ്യമല്ല. നിയമസഭാ ചട്ടം 284 (9)–ഉം ശക്തർ ആന്റ് കൗളും ഇതു സംബന്ധിച്ച് പരാമർശിച്ചിട്ടുണ്ട്. ചട്ടവിരുദ്ധമായി അംഗങ്ങൾ നടത്തിയ പരാമർശങ്ങൾ സഭാരേഖകളിൽ നിന്നും നീക്കം ചെയ്യുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ സംസാരിക്കുമ്പോൾ ചട്ടങ്ങൾക്കനുസൃതമായി മാത്രമേ സംസാരിക്കാൻ പാടുള്ളൂ.

ബഹുമാനപ്പെട്ട കെ.പി.സി.സി. പ്രസിഡന്റിനെക്കുറിച്ച് ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) നടത്തിയ പരാമർശം സഭാരേഖകളിൽ നിന്നും നീക്കം ചെയ്യണമെന്ന് ശ്രീ. സി.പി. മുഹമ്മദ് ആവശ്യപ്പെട്ടതുപ്രകാരം സഭാ

രേഖകൾ പരിശോധിച്ചപ്പോൾ അൺപാർലമെന്ററി അല്ലാത്തതുകൊണ്ട് അവ നീക്കം ചെയ്യേണ്ടതില്ല.

## ധനകാര്യം

### 2012–13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി ഗണേഷ് കുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥന അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIV വനം – (266,00,32,000രൂപ)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ - XXXV പഞ്ചായത്ത് (193,35,52,000 രൂപ)

ധനാഭ്യർത്ഥന നമ്പർ – XLVI സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും (1073,28,01,000 രൂപ)

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വനം എന്ന XXXIV–ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV–ാം നമ്പർ ധനാഭ്യർത്ഥനയേയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയേയും

സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിലെ ശുപാർശകളിന്മേൽ ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടു.)

<u>ശ്രീ. എ.എം. ആരിഫ്:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചതുവഴി പഞ്ചായത്തുകളുടെ പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നത് വിമർശനാത്മകമാണ്. കേരളത്തിൽ അവശേഷിക്കുന്ന കൃഷിയിടങ്ങൾകൂടി ഇല്ലാതാക്കുന്ന അവസ്ഥ ഗൗരവപൂർവ്വം കാണണം. റോഡ് നിർമ്മാണത്തിനും പശ്ചാത്തല വികസനത്തിനും പ്രത്യേകമായി തുക അനുവദിക്കണം. നോൺ പ്ലാൻ ഇനത്തിൽ പഞ്ചായത്ത് റോഡുകൾക്ക് നൽകിയിരുന്ന വൺ ഡേ മെയിന്റനൻസ് ഗ്രാന്റ് തുടർന്നും നൽകാൻ നടപടിയുണ്ടാകണം. ഭൂമി വാങ്ങൽ, ഭവന നിർമ്മാണം എന്നീ പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമസഭകളിൽനിന്നുമാറ്റി വില്ലേജ് ആഫീസിന് കൈമാറിയ നടപടി ശരിയല്ല. സാഫല്യം പദ്ധതിയുടെ റിക്രൂട്ടിംഗ് സംവിധാനം ഫലപ്രദമാക്കണം. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കും ഗ്രാമ പഞ്ചായത്തുകൾ വഴി നടപ്പാക്കിയിരുന്ന ഭവന നിർമ്മാണ പദ്ധതികൾക്കും പണം നീക്കിവയ്ക്കണം. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 5 ലക്ഷം രൂപ വീതം അനുവദിക്കണം. നിർഭയ പദ്ധതി ഫലപ്രദമായി നടപ്പാക്കണം.

<u>ശ്രീ. എം. എ. വാഹീദ്:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ബധിരരായ കുട്ടികൾക്കുവേണ്ടി കോക്ലിയർ ഇംപ്ലാന്റേഷൻ സ്കീം

നടപ്പാക്കിയത് അഭിനന്ദനാർഹമാണ്. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയുള്ള സ്കീം നടപ്പാക്കണം. ശാസ്ത്ര സാഹിത്യ പരിഷത്തിനെ ഒഴിവാക്കി കുടുംബശ്രീയെ സ്വതന്ത്രമാക്കണം. അക്കേഷ്യ മരങ്ങൾക്കുപകരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകണം. സാമൂഹ്യ വനവത്കരണ ഫണ്ട് ഫലപ്രദമായി ഉപയോഗിക്കണം. മുൻ പഞ്ചായത്ത് അംഗങ്ങൾക്കും മുനിസിപ്പൽ കൗൺസിലർമാർക്കുമായി പെൻഷൻ സ്ക്കീം പ്രഖ്യാപിക്കണം.

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വനം വകുപ്പിന്റെ മെച്ചപ്പെട്ട പ്രവർത്തനത്തിന് ഉദ്യോഗസ്ഥരെക്കൂടി വിശ്വാസത്തിലെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഭൂമിയുടേയും ജീവജാലങ്ങളുടേയും നിലനിൽപ്പിന് വനം അനിവാര്യമാണെന്ന സന്ദേശം സമൂഹത്തിന് നൽകാൻ കഴിയണം. വാച്ചർമാർക്ക് നൽകിയിട്ടുള്ള ഉറപ്പുകൾ പാലിക്കാനും മറ്റ് പ്രശ്നങ്ങൾ പരിഹരിക്കാനുമായി ട്രേഡ് യൂണിയൻ നേതാക്കന്മാരുടേയും വാച്ചർമാരുടേയും സംയുക്ത യോഗം വിളിച്ചുകൂട്ടണം. വനം കത്തിനശിച്ചതുമായി ബന്ധപ്പെട്ട് സമർപ്പിച്ച കണക്കുകൾ പുനഃപരിശോധിക്കാനും വനപരിപാലനത്തിലെ വീഴ്ചമൂലം വനം കത്തി നശിച്ചിട്ടുണ്ടെങ്കിൽ അതിനുത്തരവാദികളായവരുടെ പേരിൽ കർശന നടപടിയെടുക്കാനും കഴിയണം. മറയൂരിൽ ചന്ദന മോഷണം തടയാൻ നടപടി സ്വീകരിക്കണം. ആദിവാസികൾക്ക് മീൻപിടിക്കുന്നതിന് അനുമതി നൽകണം. വനം വകുപ്പുദ്യോഗസ്ഥർക്ക് വന്യ മൃഗങ്ങളുടെ ആക്രമണം നേരിടാനാവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കണം.

<u>ശ്രീ. സി. മോയിൻകുട്ടി</u>: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമെത്തിക്കുന്നതിന് ഈ ഗവൺമെന്റിന്

കഴിഞ്ഞിട്ടുണ്ട്. എൻഡോസൾഫാൻ ബാധിതർക്ക് സഹായമെത്തിക്കാനും ആശ്വാസ കിരണം പദ്ധതി പ്രാവർത്തികമാക്കാനും സാധിച്ചിട്ടുണ്ട്. ക്യാൻസർ രോഗബാധിതരായ 18 വയസ്സിനുതാഴെയുള്ള കുട്ടികൾക്കായി താലോലം പദ്ധതിയും വികലാംഗർക്കായി ക്ഷേമപദ്ധതികളും ആവിഷ്ക്കരിച്ചത് പ്രശംസനീയമാണ്. വയോമിത്രം പദ്ധതി ക്ഷേമ ബോർഡായി പരിവർത്തനം ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. ആശുപത്രികളിൽ കിടക്കുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആശ്വാസം പകരാൻ സ്വീകരിച്ച നടപടികൾ അഭിനന്ദനാർഹമാണ്. സാമൂഹ്യക്ഷേമ വകുപ്പ് നടത്തുന്ന പദ്ധതികൾ കാലാനുസൃതമായി പരിഷ്ക്കരിക്കാൻ സാധിച്ചിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിനെ കാര്യക്ഷമമാക്കാൻ 14 സീനിയർ സൂപ്രണ്ടുമാരെ നിയമിച്ച നടപടിയും അംഗൻവാടികളെ വനിതകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററായി ഉയർത്തിയ നടപടിയും സ്വാഗതാർഹമാണ്. വികലാംഗരായ വിധവകൾക്കും വനിതകൾക്കും രോഗികൾക്കും പുനരധിവാസം, വിവാഹ സഹായം എന്നിവ നൽകിയത് പ്രശംസനീയമാണ്. വിവിധ ക്ഷേമ പെൻഷനുകളും ആയമാരുടേയും ആശാവർക്കർമാരുടേയും വേതനവും വർദ്ധിപ്പിച്ച നടപടി ശ്ലാഘനീയമാണ്. തിരുവമ്പാടി മണ്ഡലത്തിലെ വനാതിർത്തിയിൽ ദ്രുതകർമ്മ സേനയുടെ സേവനം സ്ഥായിയായി നിലനിർത്തണം. സൗരോർജ്ജവേലി, ജണ്ട എന്നിവയ്ക്ക് കൂടുതൽ ഫണ്ട് അനുവദിക്കാനും ജോയിന്റ് വെരിഫിക്കേഷനിലൂടെ വനാതിർത്തി ക്ലിപ്തപ്പെടുത്താനും നടപടി സ്വീകരിക്കണം. കർഷകരെ വിശ്വാസത്തിലെടുത്ത് ഇ.എഫ്.എൽ. പ്രദേശത്തെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കണം. നിയമപ്രകാരം വെടിവച്ചു കൊല്ലുന്ന കാട്ടു

പന്നിയെ സംസ്ക്കരിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകണം. തിരുവമ്പാടിയിൽ ഒരു ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കണം. വനപാലകർക്ക് ആവശ്യമായ വാഹനങ്ങളും ആയുധങ്ങളും ലഭ്യമാക്കുന്നതിനും കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. കുടുംബശ്രീ പദ്ധതിയിൽ അർഹരായവരെ ഉൾപ്പെടുത്തി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാനും കൂടുതൽ തൊഴിലവസരങ്ങളുണ്ടാക്കാനും കഴിയണം.

ശ്രീ. ടി.യു. കുരുവിള: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകൾ ശക്തിപ്പെടുത്താനുള്ള സുതാര്യമായ നടപടികൾ സ്വീകരിച്ചത് അഭിനന്ദനാർഹമാണ്. ഫണ്ട് വിനിയോഗിക്കുന്നതിനുള്ള അധികാരം പഞ്ചായത്ത് ഭരണ സമിതികൾക്ക് നൽകിയതുവഴി വികസനം ത്വരിതപ്പെടുത്താൻ കഴിയും. ത്രിതല പഞ്ചായത്തുകളിലെ ആഡിറ്റിംഗും അക്കൗണ്ട് മോണിറ്ററിംഗും കുറ്റമറ്റതാക്കിയതും പഞ്ചായത്തുകളിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയതും സ്വാഗതാർഹമാണ്. പഞ്ചായത്തുവഴി മണൽ നൽകുന്നതിലുള്ള ആക്ഷേപം പരിഹരിക്കാൻ നടപടി സ്വീകരിക്കണം. താലൂക്ക്തല മൊബൈൽ മോണിറ്ററിംഗ് സ്ക്വാഡ് രൂപീകരിക്കണം. കുട്ടമ്പുഴയിൽ നിന്നും കുടിയൊഴിഞ്ഞ ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം. ചേലമടയിൽ ചേലരാജാക്കൻമാർ പണിത കോട്ടകളും കുളങ്ങളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. ജോസ് തെറ്റയിൽ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പശ്ചിമഘട്ട പ്രദേശത്തെക്കുറിച്ചുള്ള പ്രൊഫസർ മാധവ് ഗാഡ്ഗിൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളെക്കുറിച്ച് വ്യക്തമാക്കണം. വനം വകുപ്പുമായി ബന്ധപ്പെട്ട കേസുകളുടെ നടത്തിപ്പിന്

മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. കാട്ടാനകളുടെ ആക്രമണം മൂലം മരണപ്പെടുന്നവരുടെ കുടുംബങ്ങൾക്ക് നൽകുന്ന സഹായധനം വർദ്ധിപ്പിക്കാനും ആശ്രിതർക്ക് ജോലി നൽകാനും നടപടി സ്വീകരിക്കണം. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഇക്കോ ടൂറിസം വികസിപ്പിക്കണം. സാമൂഹ്യവനവൽക്കരണം ഫലപ്രദമായി നടപ്പിലാക്കണം. പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങളിലെ അഴിമതി അവസാനിപ്പിക്കണം. മാലിന്യങ്ങൾ ഉറവിടങ്ങളിൽ സംസ്കരിക്കാൻ നടപടിയുണ്ടാകണം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. കൂട്ടുത്തരവാദിത്വം നഷ്ടപ്പെട്ട ഒരു സർക്കാരാണിത്. വനപാലകർക്ക് ആവശ്യമായ ആയുധങ്ങളും ടോർച്ചും നൽകണം. ശാസ്താംകോട്ട തടാകത്തിന്റെ വൃഷ്ടി പ്രദേശത്ത് ഔഷധഗുണമുള്ള സസ്യങ്ങൾ വച്ചുപിടിപ്പിക്കാൻ നടപടിയുണ്ടാകണം. അംഗൻവാടികളുടെ ശോച്യാവസ്ഥ പരിഹരിക്കാനും മാതൃകാ അംഗൻവാടികൾ സ്ഥാപിക്കാനും കഴിയണം. കെട്ടിട നികുതി ചുമത്തുന്നതിലെ അപാകതകൾ പരിഹരിക്കണം.

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വയനാട് ജില്ലയിൽ ഈ വർഷം ഒരു ഗവൺമെന്റ് മെഡിക്കൽ കോളേജ് സ്ഥാപിക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. കാർഷിക പാക്കേജിന് തുടക്കംകുറിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. ഗ്രാമീണമേഖലയിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങൾ നടപ്പാക്കാനും ജനസമ്പർക്ക പരിപാടികളിലൂടെ പാവപ്പെട്ടവരുടെ പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരം കാണാനും കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ ഒട്ടനവധി വികസന പ്രവർത്തനങ്ങളും പുതിയ പദ്ധതികളും നടപ്പിലാക്കി ഈ സർക്കാർ മുന്നോട്ടുപോവുകയാണ്. കുടുംബശ്രീയുടെ പ്രവർത്തനം ഫലപ്രദമാക്കാൻ

ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ബഡ്സ് സ്കൂളുകൾ ആരംഭിക്കാനും അവയ്ക്ക് സൗജന്യമായി ബസുകൾ അനുവദിക്കാനും കഴിഞ്ഞിട്ടുണ്ട്. കോക്ലിയർ ഇംപ്ലാന്റേഷന് 5 ലക്ഷം രൂപ സഹായം നൽകാൻ തീരുമാനിച്ചത് സ്വാഗതാർഹമാണ്. വികലാംഗർക്ക് ടൂവീലർ കൊടുക്കാനും അവരെ സംരക്ഷിക്കാൻ പദ്ധതികൾ ആവിഷ്ക്കരിക്കാനും തൊഴിൽ കൊടുക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിൽ വിധവകൾക്കും കുട്ടികൾക്കും രോഗികൾക്കും കൂടുതൽ തുക മാറ്റിവയ്ക്കണം. വയനാട് ജില്ലയിലെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾക്കായി കാർഷിക പദ്ധതികൾ ആവിഷ്കരിക്കണം. കാർഷിക മേഖല ഉൾക്കൊള്ളുന്ന ജില്ലകൾക്ക് പ്രത്യേക പരിഗണന നൽകണം. കാലവർഷക്കെടുതി അനുഭവപ്പെടുന്ന പഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കണം. പഞ്ചായത്തുകളിൽ ജാഗ്രതാ സമിതികൾ രൂപീകരിച്ച് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം. പദ്ധതി പ്രവർത്തനങ്ങളിൽ ഡി.പി.സി., ടാഗ് സംവിധാനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ പ്രാതിനിധ്യം ഉറപ്പുവരുത്തണം. ഗ്രാമസഭ, അയൽക്കൂട്ടങ്ങൾ, കുടുംബശ്രീ എന്നിവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. ആവശ്യമായ ജീവനക്കാരെ അനുവദിച്ച് പഞ്ചായത്തുകളിലെ ജനസേവന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. പട്ടികവർഗ്ഗ വിഭാഗക്കാർക്കുള്ള പ്ലാൻ പദ്ധതികൾ എഗ്രിമെന്റുവച്ച് നടപ്പിലാക്കാൻ സാഹചര്യമൊരുക്കണം. സ്പിൽ ഓവർ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കണം. വയനാട് ജില്ലയിൽ വർഷങ്ങളായി

വനത്തിൽ കഴിയുന്ന കുടുംബങ്ങളെ പുറത്തുകൊണ്ടുവരാനും അവരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. എസ്. രാജേന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്തുകളുടെ ഭരണം ഒരു വകുപ്പുമന്ത്രിയുടെ കീഴിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കണം. 12–ാം ധനകാര്യ കമ്മീഷൻ പഞ്ചായത്തുകൾക്ക് നീക്കിവച്ചിട്ടുള്ള തനതുഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകാനുള്ള ഉത്തരവുണ്ടാകണം. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി പ്രകാരം ഓരോ വീടും പൂർത്തീകരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള തുകയിൽ വ്യക്തതയുണ്ടാകണം. പഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യ വികസനം, കുടിവെള്ള വിതരണം എന്നിവയുടെ നിർവ്വഹണം സംബന്ധിച്ച തർക്കം പരിഹരിക്കണം. ഗ്രാമസഭ നൽകുന്ന ലിസ്റ്റുകളിലെ ക്രമക്കേടുകൾ പരിഹരിക്കണം. ആശുപത്രികളുടെ അടിസ്ഥാന സൗകര്യവികസനത്തിന് ഗ്രാമപഞ്ചായത്തുകൾ കൂടുതൽ താൽപ്പര്യം കാണിക്കണം. പഞ്ചായത്തു തലങ്ങളിൽ കേന്ദ്രങ്ങൾ സ്ഥാപിച്ച് വികലാംഗരെ സംരക്ഷിക്കാനും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്താനും നടപടിയുണ്ടാകണം. വനം മേഖലയിലെ പട്ടയവിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും അന്യാധീനപ്പെട്ട ഭൂമി കൃഷിക്കാർക്ക് തിരിച്ചുനൽകാനും കഴിയണം. മൂന്നാറിൽ സ്പോർട്സ് ഗ്രൗണ്ട്, ബൊട്ടാനിക്കൽ ഗാർഡൻ, തിയേറ്റർ എന്നിവ അനുവദിക്കണം.

ശ്രീ. വി.ടി. ബൽറാം: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പശ്ചിമ ഘട്ട മലനിരകൾക്ക് യുനസ്കോ ലോകപൈതൃക പദവി നൽകാൻ തീരുമാനി ച്ചത് അഭിമാനകരമാണ്. പശ്ചിമഘട്ടത്തിൽ ഖനികൾ, അണക്കെട്ടുകൾ

എന്നിവ നിർമ്മിക്കാൻ കഴിയാതെ വരുന്നത് പരിസ്ഥിതി സംരക്ഷണത്തിന് ഏറെ സഹായകമാകും. മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് പ്രവർത്തിക മാക്കണം. പരിസ്ഥിതി സംരക്ഷിക്കാനുള്ള ബാദ്ധ്യത വനംവകുപ്പ് ഏറ്റെടു ക്കണം. അതിരപ്പിള്ളി പോലെയുള്ള പദ്ധതികൾ ഉപേക്ഷിക്കണം. വൈൽഡ് ലൈഫ് സാങ്ച്വറികളുടെയും നാഷണൽ പാർക്കുകളുടെയും അതിർത്തി പ്രദേശം ഇക്കോ സെൻസിറ്റീവ് സോൺ ആയി ഡിക്ലയർ ചെയ്ത് വനനശീ കരണം തടയണം. വനഭൂമിയോട് ചേർന്നുള്ള സ്വകാര്യ ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ റെഗുലേഷൻസ് കൊണ്ടുവരണം. ഇക്കോ ടൂറിസത്തെ പ്രോത്സാഹിപ്പിക്കണം. വനംവകുപ്പിലെ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താനും ഗാർഡുകൾക്ക് സ്ലീപ്പിംഗ് ബാഗ് അടക്കമുള്ള അവശ്യവസ്തുക്കൾ വിതരണം ചെയ്യാനും നടപടി സ്വീകരി ക്കണം. പാട്ടക്കരാർ ലംഘിച്ച തോട്ടങ്ങൾ ഏറ്റെടുക്കാനും സ്വകാര്യ വ്യക്തികൾ കൈവശം വച്ചിരിക്കുന്ന വനഭൂമിയും റവന്യൂഭൂമിയും ഏറ്റെടുക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കണം. പഞ്ചായത്തുതലത്തിൽ പഞ്ചവത്സര പദ്ധതികളേർപ്പെടുത്തിയത് ശ്ലാഘനീയ മാണ്. 140 മോഡൽ അംഗൻവാടികൾ സ്ഥാപിക്കുമെന്ന തീരുമാനം അഭിനന്ദ നാർഹമാണ്. സ്ഥലവും കെട്ടിടവും അനുവദിച്ച് അംഗൻവാടികൾ മെച്ചപ്പെടു ത്താനാവശ്യമായ നടപടി സ്വീകരിക്കണം. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി അഞ്ച് വയസ്സുവരെയുള്ള കുട്ടികളിലേയ്ക്കുകൂടി വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. കെ.കെ. നാരായണൻ : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്തയെ തകർക്കുന്ന നടപടി

കളാണ് തദ്ദേശഭരണ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ സ്ഥാനത്ത് ഉദ്യോഗസ്ഥ മേധാവിത്വം നടക്കുന്നത് തടയണം. തനത് ഫണ്ട് ഉപയോഗിച്ച് പദ്ധതി തയ്യാറാക്കാൻ പെർഫോർമൻസ് ഓഡിറ്ററുടെ സാക്ഷ്യപത്രം വേണമെന്ന നിബന്ധന അംഗീകരിക്കാൻ കഴിയില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അധികാരം വെട്ടിക്കുറച്ചതും തർക്ക പ്രോജക്ടുകൾ പരിശോധിക്കാൻ കളക്ടർ ചെയർമാനായി ഉദ്യോഗസ്ഥർ മാത്രം അംഗങ്ങളായ അപ്പലേറ്റ് അതോറിറ്റി രൂപീകരിച്ചതും പ്രതിഷേധാർഹമാണ്. ഭക്ഷ്യോല്പാദനം വർദ്ധിപ്പിക്കുന്നതിന് യാതൊരു നടപടിയും ഗവൺമെന്റ് സ്വീകരിക്കുന്നില്ല. ഉല്പാദക മേഖലയ്ക്കുള്ള പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കുകയും പശ്ചാത്തല മേഖലയ്ക്ക് 45 മുതൽ 55 ശതമാനം വരെ നീക്കി വയ്ക്കാൻ നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നതിനെക്കുറിച്ച് പരിശോധിക്കണം. മാർഗ്ഗരേഖയിൽ കൃഷിക്ക് പ്രാധാന്യം നൽകണം. ഇ.എം.എസ്. ഭവന പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കണം. വാർഷിക പദ്ധതിയിൽ മാറ്റം വരുത്തിയത് വികസനപദ്ധതികൾക്ക് കാലതാമസമുണ്ടാക്കും. അംഗൻവാടി ജീവനക്കാരുടെ ശമ്പളം വർദ്ധിപ്പിക്കണം.

<u>ഡോ. എൻ. ജയരാജ്</u> : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമൂഹ്യക്ഷേമ വകുപ്പിന് കഴിഞ്ഞ ഒരു വർഷംകൊണ്ട് ജനക്ഷേമകരങ്ങളായ നിരവധി പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. സമൂഹത്തിൽ കഷ്ടതയനുഭവിക്കുന്ന ജനവിഭാഗങ്ങളോട് അനുഭാവപൂർവ്വമായ സമീപനം സ്വീകരിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതിക്ക് തുടക്കം കുറിക്കാൻ സാധിച്ചത് ഈ വകുപ്പിന്റെ എടുത്തു പറയത്തക്ക നേട്ടമാണ്. നിർഭയ, സ്നേഹപൂർവ്വം, വയോമിത്രം, താലോലം

തുടങ്ങിയ നിരവധി പദ്ധതികൾ ആവിഷ്ക്കരിക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. സംസ്ഥാനത്തെ വൃദ്ധ സദനങ്ങളുടേയും അമ്മത്തൊട്ടിലുകളുടേയും വർദ്ധനവ് വളരെ വലിയ സാമൂഹ്യ പ്രശ്നം ഉയർന്നുവരുന്നുയെന്നതിന്റെ തെളിവാണ്. വൃദ്ധജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ വയോജന നയം രൂപീകരിക്കണം.

<u>ശ്രീ. കെ.എം. ഷാജി:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഭൂസമരങ്ങളുടെ പേരിൽ അർഹതപ്പെട്ടവർക്ക് ഭൂമി നൽകുമ്പോൾ വനഭൂമി സംരക്ഷിക്കപ്പെടണം. വനങ്ങളുടെ അതിർത്തി നിശ്ചയിക്കാനും സംരക്ഷിക്കാനും നടപടി സ്വീകരിക്കണം. വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ സംരക്ഷിക്കപ്പെടണം. സ്നേഹപൂർവ്വം പദ്ധതി വിപുലപ്പെടുത്തണം. പ്രൊഡക്ടീവ് സെക്ടറിൽ കുടുംബശ്രീ പദ്ധതിയെ ഫലപ്രദമായി വിനിയോഗിക്കണം. വിധവകളുടെയും വൃദ്ധജനങ്ങളുടെയും പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സാമൂഹ്യ പെൻഷനുകളിലെ കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കണം. അംഗൻവാടികൾക്ക് കെട്ടിടവും ജീവനക്കാരെയും അനുവദിക്കണം. അംഗൻവാടി ജീവനക്കാർക്ക് പി.എഫ്., ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നടപ്പാക്കാനും വിരമിക്കുന്ന ജീവനക്കാർക്ക് ഒരു ലക്ഷം രൂപവരെ ധനസഹായം നൽകാനും തീരുമാനമുണ്ടാകണം. അംഗവൈകല്യമുള്ള മക്കളുള്ള അംഗൻവാടി ജീവനക്കാർക്ക് 15 ദിവസം സ്പെഷ്യൽ കാഷ്വൽ ലീവ് അനുവദിക്കണം. ഭവന നിർമ്മാണം, ഐ.എ.വൈ., സാഫല്യം പദ്ധതികളിലേയ്ക്ക് ഗുണഭോക്താക്കളെ തെരഞ്ഞെ

ടുക്കാനുള്ള അധികാരം പഞ്ചായത്തിൽ നിന്നും മാറ്റിയ നടപടി പുനഃപരിശോധിക്കണം. എം.എൻ. ലക്ഷം വീട് പദ്ധതി പൂർത്തിയാക്കാനാവശ്യമായ ഫണ്ട് അനുവദിക്കണം.

## വ്യക്തിപരമായ വിശദീകരണം

### ഡയറക്ടർ ബോർഡ് അംഗത്വം സംബന്ധിച്ച്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: കേരളത്തിലെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം സംബന്ധിച്ച് അടിയന്തരപ്രമേയം അവതരിപ്പിച്ച സമയത്ത് എന്റെ കോളേജിനും അനുമതി നൽകിയിട്ടുണ്ടെന്നും ഞാൻ ഡയറക്ടർ ബോർഡംഗമായിട്ടുള്ള കോളേജിനാണ് അപേക്ഷ നൽകിയതെന്നും വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞതിന് ഒരു കോളേജിലേയും ഡയറക്ടർ ബോർഡിൽ ഞാൻ മെമ്പറല്ലെന്നും ഒരു കോളേജിനുവേണ്ടിയും അപേക്ഷ നൽകിയിട്ടില്ലെന്നും ഞാൻ വാദിക്കുകയും ചെയ്തു. ഇക്കാര്യങ്ങളിൽ ഞാൻ ഇപ്പോഴും ഉറച്ചുനിൽക്കുകയാണ്.

## ധനകാര്യം (തുടർച്ച)

ശ്രീ. വി.ഡി. സതീശൻ: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തുള്ള അപൂർവ്വ ജൈവവൈവിദ്ധ്യ കലവറ സംരക്ഷിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പശ്ചിമഘട്ടത്തിലെ നദീതടങ്ങളും നിബിഢവനങ്ങളും സംരക്ഷിക്കണം. റിസർവോയറുകളിലെ ചെളി നീക്കം ചെയ്ത് ഹൈഡ്രോ ഇലക്ട്രിക് പദ്ധതികളുടെ ലൈഫ് സ്പാൻ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. പാട്ടക്കരാർ തീരുന്ന മുറയ്ക്ക് നിബന്ധനകൾ ലംഘിക്കുന്നവരുടെ പാട്ടക്കരാർ റദ്ദാക്കി സ്ഥലം തിരിച്ചു പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ഹാരിസൺ മലയാളം

പ്ലാന്റേഷൻ കൈവശം വച്ചിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കണം. ഡീ-ഫോറസ്റ്റേഷന്റെ ഭാഗമായി ലഭിക്കുന്ന ഫണ്ട് ഉപയോഗിച്ച് വനമേഖലയിലെ സ്വകാര്യ സ്ഥലങ്ങളും പ്ലാന്റേഷനുകളും ഏറ്റെടുത്ത് വനഭൂമിയാക്കി മാറ്റാൻ നടപടി സ്വീകരിക്കണം. ആരോഗ്യ സുരക്ഷ, ഭക്ഷ്യ സുരക്ഷ, സാമൂഹിക സാമ്പത്തിക വളർച്ച എന്നിവ ലക്ഷ്യമാക്കി പശ്ചിമഘട്ട മലനിരകളേയും വന്യജീവിസമ്പത്തിനേയും സംരക്ഷിക്കണം. വനം വകുപ്പിനും വന്യജീവി സംരക്ഷണത്തിനും അനുവദി ച്ചിട്ടുള്ള തുക വർദ്ധിപ്പിക്കണം. വനം വകുപ്പിന് ആവശ്യത്തിന് സ്റ്റാഫും ഉപകരണങ്ങളും കൊടുത്തുകൊണ്ട് വനസംരക്ഷണ നടപടികൾ സ്വീക രിക്കണം. പഞ്ചായത്ത് പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കണം. മാലിന്യം ഉറവിടത്തിലും മിഡിൽ ലെവലിലും സംസ്ക്കരി ച്ചശേഷം പരിമിതമായ അളവിലുള്ള മാലിന്യം മാത്രമേ അവസാന പോയിന്റിൽ എത്തുന്നുള്ളൂ എന്ന് ഉറപ്പുവരുത്തണം. മാലിന്യ ട്രാൻസ്പോർട്ടേഷന് ആധുനിക സംവിധാനമുണ്ടാകണം. വേസ്റ്റ് ഡിസ്പോസലിന് ഗൈഡ്ലൈൻ ഉണ്ടാക്കാനും വേസ്റ്റ് വഴിയിലുപേക്ഷിക്കു ന്നതിനെതിരെ ക്യാമ്പെയിൻ നടത്താനും തയ്യാറാകണം. ബയോഗ്യാസ് പ്ലാന്റു കൾ പ്രവർത്തിപ്പിക്കുന്നതുസംബന്ധിച്ച പഠന-ബോധവൽക്കരണ പരിപാടി കൾ സംഘടിപ്പിക്കണം. സ്വീവേജ്-സെപ്റ്റേജ് ട്രീറ്റ്മെന്റുകൾക്ക് പ്രത്യേക സംവിധാനങ്ങളുണ്ടാക്കണം. കോക്ലിയർ ഇംപ്ലാന്റേഷൻ, ഡിസേബിൾഡായി ട്ടുള്ളവർക്കുള്ള സഹായം എന്നിവയുൾപ്പെടെ സാമൂഹ്യക്ഷേമ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ്: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. സംസ്ഥാനത്തെ വനവിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ സമതല-

തീരദേശ വികസനത്തേക്കാൾ വനം വികസനത്തിൽ ശ്രദ്ധചെലുത്തണം. വനസംരക്ഷണത്തിലൂടെയാണ് വികസനം ആവാസ വ്യവസ്ഥകളുടെ പുനഃസൃഷ്ടിയാണെന്ന നിർവ്വചനം അന്വർത്ഥമാക്കേണ്ടത്. ആദിവാസികളുടെ ആവാസവ്യവസ്ഥകൾ തകർക്കാനുള്ള ശ്രമം ഉപേക്ഷിക്കണം. സ്വകാര്യ കയ്യേറ്റങ്ങളെ ഒഴിവാക്കാനുള്ള സമഗ്ര സമീപനവും ദീർഘവീക്ഷണമുള്ള മാസ്റ്റർ പ്ലാനും സർക്കാരിനില്ലെന്നത് വിമർശനാത്മകമാണ്. ഗ്രാമ വികസന രംഗത്ത് ഏർപ്പെടുത്തിയ പരിഷ്ക്കാരങ്ങൾ വികസന സങ്കൽപ്പത്തിന് വിരുദ്ധമാണ്. ടി.എ.ജി.–ക്കുള്ള കുറവുകൾ പരിഹരിക്കണം. കാർഷിക മേഖലയ്ക്കുണ്ടായിരുന്ന ഉന്നത പരിഗണന അപ്രധാനമാക്കി മാറ്റിയതിന്റെ സാഹചര്യം വ്യക്തമാക്കണം. ജീവിത പ്രശ്നങ്ങൾ ദീർഘവീക്ഷണത്തോടെ പഠിച്ചും വിഭവ സ്രോതസ്സുകളെക്കുറിച്ച് മനസ്സിലാക്കിയും പദ്ധതിയുടെ സാങ്കേതിക മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. അധികാര വികേന്ദ്രീകരണത്തോടൊപ്പം നയ രൂപീകരണത്തിലും നിർവ്വഹണത്തിലും ജനങ്ങൾ കൂടുതൽ പങ്കാളികളാകുന്ന സ്ഥിതിയുണ്ടാകണം. ധനവികേന്ദ്രീകരണം ശക്തമാക്കണം. സംസ്ഥാന ബഡ്ജറ്റ് വിഹിതം 50 ശതമാനം താഴെത്തട്ടിലേയ്ക്ക് നൽകണം. ഭരണ പരമായ വികേന്ദ്രീകരണം പൂർത്തിയാക്കണം. പഞ്ചായത്തിന് എഞ്ചിനീയറിംഗ് വിംഗ് അടക്കമുള്ള എല്ലാ മേഖലയിലും പൂർണ്ണ വികസന വിഭാഗങ്ങളുണ്ടാകണം. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് കൂടുതൽ പണം നീക്കിവയ്ക്കണം. തണൽ പദ്ധതി കേരളമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും 60 വയസ്സ് കഴിഞ്ഞവരെ സംരക്ഷിക്കാനുള്ള പദ്ധതികൾ പഞ്ചായത്തുകൾവഴി നടപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ക്രമപ്രശ്നം</u>

## <u>ഡയറക്ടർ ബോർഡ് അംഗത്വം സംബന്ധിച്ച്</u>

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. അബ്ദു റബ്ബ്)</u>: 6–7–2012–ന് അടിയന്തര പ്രമേയത്തിന് അവതരണാനുമതി തേടിക്കൊണ്ട് നടത്തിയ പ്രസംഗത്തിന് മറുപടിപറയവെ ശ്രീ. പി. ശ്രീരാമകൃഷ്ണൻ എം.എൽ.എ. അൺ എയ്ഡഡ് മേഖലയിലുള്ള സ്ഥാപനത്തിൽ ഡയറക്ടർ ബോർഡ് അംഗമാണെന്ന് പറഞ്ഞപ്പോൾ അദ്ദേഹം അത് നിഷേധിക്കുകയുണ്ടായി. എന്നാൽ ഇന്ന് ഇവിടെ ഒരംഗം രേഖകൾ സഹിതം ഉദ്ധരിച്ചുകൊണ്ട് പ്രസംഗിച്ചതിൽനിന്നും ഞാൻ പറഞ്ഞതല്ല ശ്രീ. പി. ശ്രീരാമകൃഷ്ണൻ പറഞ്ഞതാണ് വാസ്തവവിരുദ്ധം എന്നത് വ്യക്തമാണ്. ആയതിനാൽ അദ്ദേഹം അന്ന് പറഞ്ഞത് പിൻവലിക്കണം.

<u>റൂളിംഗ്</u>

<u>മി. സ്പീക്കർ:</u> ഇവിടെ രണ്ടുകൂട്ടരും അവരവരുടെ നിലപാടുകളിലും ആരോപണങ്ങളിലും ഉറച്ചുനിൽക്കുകയാണ്. ഇത്തരം സന്ദർഭങ്ങളിൽ കീഴ് വഴക്കങ്ങളും നിയമവും നോക്കേണ്ടതുണ്ട്. ഒരംഗം എനിക്കതിൽ ബന്ധമില്ലെന്നും മറ്റൊരംഗം ഉണ്ടെന്നും പറയുന്നു. രണ്ട് രേഖകളും ചെയർ കണ്ടിട്ടില്ല. ഇത്തരം സന്ദർഭത്തിൽ പരിഹാരം കാണുന്നതിനായി ശക്തർ ആന്റ് കൗൾ പേജ് 963–ൽ പറയുന്നതുപ്രകാരം ചെയർ രേഖകൾ പരിശോധിക്കുന്നതാണ്.

**ധനകാര്യം (തുടർച്ച)**

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി <u>(ശ്രീ. കെ.ബി. ഗണേഷ് കുമാർ)</u> : വേൾഡ് ഹെറിറ്റേജ് സൈറ്റായി പ്രഖ്യാപിച്ച പശ്ചിമഘട്ട മലനിരകളുടെ മഹത്വവും വനസമ്പത്തും നിലനിറുത്തേണ്ടതാണ്. കൃത്യമായ

മാസ്റ്റർ പ്ലാനോടുകൂടി മുന്നോട്ടുപോയാൽ നഷ്ടപ്പെട്ട വനം തിരിച്ചുപിടിക്കാനും പുതുതായി സ്വാഭാവിക വനം സൃഷ്ടിച്ചെടുക്കാനും കഴിയും. നഷ്ടപ്പെട്ട വനം തിരിച്ചുപിടിക്കാനുള്ള 'വനദീപ്തി' പദ്ധതിയുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. മാധവ് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്ന അപ്രായോഗിക നിർദ്ദേശങ്ങൾ മാറ്റി വന-പരിസ്ഥിതി സംരക്ഷണത്തിനുതകുന്ന പരിഷ്ക്കാരങ്ങൾ ഉൾക്കൊള്ളിക്കുന്നതാണ്. ലഭിക്കാവുന്നിടത്തോളം ഫണ്ട് ലഭ്യമാക്കി നിബിഢവനങ്ങളും സ്വാഭാവിക വനങ്ങളും നിലനിർത്താനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. വനത്തിനടുത്ത് താമസിക്കുന്ന കൃഷിക്കാരുടേയും വനാശ്രിത സമൂഹത്തിന്റെയും പ്രശ്നങ്ങൾ ഗൗരവമായി കാണും. വന്യമൃഗ ആക്രമണത്തിന് ഇരയാകുന്നവർക്ക് 75,000 രൂപയായും കൃഷിനാശം സംഭവിക്കുന്നവർക്കും സ്ഥിര വൈകല്യമുണ്ടാകുന്നവർക്കും ഒരു ലക്ഷം രൂപയായും നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എം.എൽ.എ.മാർ അദ്ധ്യക്ഷരായി രൂപീകരിച്ചിരിക്കുന്ന മണ്ഡലതല കമ്മിറ്റി ശുപാർശ ചെയ്താൽ സഹായമെത്തിക്കുന്നതിനായി നബാർഡ് സഹായത്തോടെ 12 കോടി രൂപയുടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ വയനാട് ജില്ലയിൽ മതിലുകൾ നിർമ്മിക്കാനും സോളാർ ഫെൻസിംഗിനുമൊക്കെയായി ആറേകാൽ കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണത്തിനും ആനുവൽ മെയിന്റനൻസിനുമുള്ള കോൺട്രാക്ട് വനം വികസന കോർപ്പറേഷനെ എൽപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. വനം വകുപ്പിൽ കെട്ടിക്കിടന്ന ആയിരക്കണക്കിന് ഫയലുകൾ തീർപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആദിവാസി വിഭാഗത്തിൽപ്പെട്ട കായികശേഷിയുള്ള എഴുന്നൂറോളംപേരെ വാച്ചർമാരായി നിയമിക്കാൻ നടപടിയായിട്ടു

ണ്ട്. നിലവിലുള്ള പോസ്റ്റുകളുടെ പേര് മാറ്റാനും ഫോറസ്റ്റ് ഗാർഡുകളുടെ യൂണിഫോം നവീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി വനപാലകർക്ക് ആധുനിക ഉപകരണങ്ങൾ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട്ടിലെ ആദിവാസി കൾക്ക് സുപ്രീം കോടതിയുടെ അനുമതി ലഭിച്ച 700 ഏക്കറോളം മിച്ചഭൂമി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. മൂന്നാറിലെ ജൈവവൈവിദ്ധ്യം നില നിർത്താൻ വിദേശ സഹായത്തോടുകൂടിയുള്ള 400 കോടി രൂപയുടെ പദ്ധതി ക്ക് തുടക്കമിട്ടിട്ടുണ്ട്. കണ്ണൂരിലെ കാട്ടാമ്പള്ളി നീർത്തട പ്രദേശം പക്ഷി സങ്കേതമായി പ്രഖ്യാപിക്കണമെന്ന ആവശ്യം പരിഗണിച്ച് കമ്മ്യൂണിറ്റി റിസർവ്വ് രൂപീകരിക്കാനും സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി ഇക്കോ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെല്ലാം ഓൺലൈൻ സംവിധാനം ഏർപ്പെടുത്താനും തീരു മാനിച്ചിട്ടുണ്ട്. കോളനികളിൽ ജൈവ ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പി ക്കാനും കാവുകൾ ഏറ്റെടുത്ത് ഫെൻസിംഗ് നടത്തി സംരക്ഷിക്കാനും മലപ്പു റം ജില്ലയിലെ തവനൂർ നിയോജകമണ്ഡലത്തിലെ കാവുകൾ സംരക്ഷിക്കു ന്നതിന്റെ ഭാഗമായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും നടപടി സ്വീകരിക്കുന്ന താണ്. ആൽമരങ്ങൾ സംരക്ഷിക്കുന്നതിന് 'ആൽമരസൗഹൃദം' എന്ന പദ്ധതി നടപ്പാക്കുന്നതാണ്. ആദിവാസികൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് മൂന്നാറിൽ വനം വകുപ്പിന്റെ സ്ഥലത്ത് ഒരു ഏലത്തോട്ടം വികസിപ്പിക്കാനും ഇടുക്കി ജില്ലയിലെ ആറു പഞ്ചായത്തുകളിൽ സോഷ്യൽ ഫോറസ്ട്രി പദ്ധതി നടപ്പാക്കാനും തീരുമാനിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ പുതിയ ഡി.എഫ്.ഒ. ഓഫീസിന് തറക്കല്ലിടാനും വനം വകുപ്പിലെ ഉയർന്ന ഉദ്യോഗ സ്ഥർക്ക് ലാപ്ടോപ്പും ഐപോഡും നൽകാനും തീരുമാനിച്ചിട്ടുണ്ട്. ചന്ദന

മരങ്ങളുടെ മോഷണം തടയുന്നതിന് മൈക്രോചിപ്പ് ഘടിപ്പിച്ച സിസ്റ്റം ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസികളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ വനശ്രീ പദ്ധതി ശക്തമാക്കാനും മൊബൈൽ യൂണിറ്റ് ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കി ത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): ധനാഭ്യർത്ഥനകളെ അനുകൂലിച്ചും വിമർശിച്ചും അംഗങ്ങൾ വച്ചിട്ടുള്ള നിർദ്ദേശങ്ങളിൽ സ്വീകരിക്കാവുന്നവ സ്വീകരിക്കു കയും അല്ലാത്തവ തള്ളിക്കളയുകയും ചെയ്യുന്നു.

(മന്ത്രിയുടെ മറുപടിയിലെ ചില പരാമർശങ്ങളിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭ ബഹിഷ്കരിച്ചു.)

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ.എം.കെ. മുനീർ): ഗ്രാമസഭകളെ പരിപോഷിപ്പിച്ച് പദ്ധതി പ്രവർത്തനങ്ങളിൽ ഡി.പി.സി., ടാഗ് എന്നിവയെ നിയന്ത്രിച്ചതിലൂടെ സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണം നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. 574 പഞ്ചായത്തുകളിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയർ, 404 പഞ്ചായത്തു കളിൽ രണ്ട് പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയർ എന്ന നിലയിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ച് ഉത്തര വിറക്കിയിട്ടുണ്ട്. കുടുംബശ്രീ പ്രവർത്തനത്തിന് 84 കോടി രൂപ അനുവദി ച്ചിട്ടുണ്ട്. സംസ്ഥാനത്തിന് ആവശ്യമുള്ള പച്ചക്കറിയുടെ 15 ശതമാനം കുടുംബശ്രീ മുഖേന കൃഷി ചെയ്യുന്നതാണ്. അറവുശാലകൾക്ക് 100 ശതമാനം സബ്സിഡി നൽകുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

ലോകബാങ്ക് പദ്ധതിയിൽ രൂപയുടെ മൂല്യത്തിൽ വന്ന വ്യതിയാനംമൂലം 36 കോടി രൂപയുടെ സേവിംഗ്സ് വന്നിട്ടുള്ളതിൽ ഇന്നവേറ്റീവായ പ്രോജക്ടുകൾ മുന്നോട്ടുകൊണ്ടുപോകുന്ന പഞ്ചായത്തുകൾക്ക് കുറച്ച് തുക നൽകാൻ തീരുമാനിച്ചിട്ടുണ്ട്. തനത് ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് തുക അനുവദിക്കുന്ന കാര്യവും പരിഗണനയിലാണ്. സംസ്ഥാനത്തിന് 100 ശതമാനം എൻ.എസ്.എ.പി. ഫണ്ട് നേടിയെടുക്കാൻ കുടുംബശ്രീയുടെ സഹായം ഉപയോഗപ്പെടുത്തും. 140 നിയോജക മണ്ഡലങ്ങളിലും എൻ.എസ്.എ.പി. പൂർത്തീകരിക്കുന്നതിനും ആശ്രയ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതിനും എം.എൽ.എ.മാരുടെ സഹകരണം ആവശ്യ മാണ്. സ്ത്രീകൾക്ക് മാത്രമായി സാമ്പത്തിക സഹായം നൽകുന്ന ബാങ്കിംഗ് സംവിധാനത്തിലേയ്ക്ക് കുടുംബശ്രീയെ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. സ്ഥലം ലഭ്യമാക്കുന്നപക്ഷം കലാഗ്രാമങ്ങൾ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കും. വിതുര, കുറ്റിച്ചൽ പ്രദേശങ്ങളിൽ ആദിവാസി യുവതികളെ ഗൈഡൻസ് വോളന്റിയർമാരായി നിയമിക്കും. ഡിസേബിൾഡായിട്ടുള്ളവർക്ക് പുനരധിവാസവും വിദ്യാഭ്യാസവും നൽകു ന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി കമ്മിറ്റി രൂപീകരിക്കുകയും അവരെ സംരക്ഷിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിൽനിന്ന് 40 കോടി രൂപ വിനിയോഗിക്കുകയും ചെയ്യും. 'ജിക്കാ' പ്രോജക്ടനുസരിച്ച് 250 മോഡൽ അംഗൻവാടികളെ തെരഞ്ഞെടുക്കുകയും ബാക്കിയുള്ള 33,000 അംഗൻവാടികളെ ഘട്ടംഘട്ടമായി അപ്ഗ്രേഡ് ചെയ്യുകയും ചെയ്യും. ഏറ്റവും പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ സ്ത്രീകൾക്ക് വിവിധ പ്രോജക്ടുകൾ തുടങ്ങുന്നതിനായി സാമ്പത്തിക സഹായം നൽകാൻ വനിതാ വികസന

കോർപ്പറേഷൻവഴി 49 കോടി രൂപ നൽകും. പഞ്ചായത്തുകളെ ഉൾപ്പെടുത്തി 2000–ത്തോളം ഷി–ടോയ്‌ലറ്റുകൾ കേരളത്തിലുടനീളം സ്ഥാപി ക്കും. കേന്ദ്ര സർക്കാർ സ്കീമിൽക്കൂടി ആദിവാസി–മലയോര മേഖലകളിൽ സാനിട്ടറി നാപ്കിൻസ് സ്കൂളുകളിൽ സൗജന്യമായും അല്ലാത്ത സ്ഥലങ്ങ ളിൽ സൗജന്യനിരക്കിലും ലഭ്യമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിർഭയ പദ്ധതിയിൽ 3 ഫാസ്റ്റ് ട്രാക്ക് കോർട്ടുകളും സ്ത്രീകൾക്ക് താമസിക്കുന്നതിന് സ്റ്റേ ഹോമുകളും സ്ഥാപിക്കുന്നതാണ്. 'സ്നേഹപൂർവ്വം' പദ്ധതിയിലൂടെ എസ്.എസ്.എൽ.സി. പാസ്സായവർക്ക് 1000 രൂപയും അല്ലാത്ത വർക്ക് 750, 300 രൂപ എന്നീ ക്രമത്തിലും ധനസഹായം നൽകുന്നതിന് ഉത്തര വിറക്കിയിട്ടുണ്ട്. കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നിവിടങ്ങ ളിൽ ഈ വർഷം ജെന്റർ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും എല്ലാ ആംബുലൻസ് നെറ്റ്‌വർക്കിനെയും യോജിപ്പിച്ചുകൊണ്ട് വയോജനങ്ങൾക്ക് ഏത് സമയത്തും ആംബുലൻസ് ഉപയോഗപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. വയോജനങ്ങൾക്കുവേണ്ടി മൊബൈൽ ക്ലിനിക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഓരോ ജില്ലയിലെയും ഒരു മുനിസിപ്പാലിറ്റിയിൽ വയോമിത്രം പദ്ധതി നടപ്പിലാക്കുന്നതാണ്. മാതൃകാ വൃദ്ധസദനം സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്. വീടുകളിൽത്തന്നെ വയോജനങ്ങളെ റീഹാബിലിറ്റേറ്റ് ചെയ്യുന്ന കാര്യത്തിൽ അവബോധമുണ്ടാക്കുന്നതിനുള്ള ശ്രമവും നടത്തുന്നു ണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ നിരാകരിച്ചു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർത്ഥനയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയും സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.15-ന് പിരിഞ്ഞു.